LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റി ആക്ട് 2003, വൈദ്യുതി ബിൽ 2021, വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് എന്നിവയിൽ കേന്ദ്രസർക്കാർ വൈദ്യുതിമേഖലയുടെ സ്വകാര്യവത്ക്കരണം സംബന്ധിച്ച നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട്, 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും, പിന്നീട് പലഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യ വത്കരണം ഉദ്ദേശിക്കുന്നില്ലെന്നത് അസന്നിശ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതി മേഖലയെയും, പൊതുസമൂഹത്തെയും പ്രതികൂലമായി ബാധിക്കുമെന്നും കേരളം വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ലെന്നും കെ.എസ്.ഇ.ബി.-യും സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യാതെതന്നെ ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതിയും മെച്ചപ്പെട്ട സേവനവും ലഭ്യമാക്കുന്നതിനുള്ള ബദൽനയങ്ങൾ കേരളം നടപ്പാക്കിവരുന്നു. വൈദ്യുതി വിതരണം പൊതുമേഖലയിൽ നിലനിർത്താനായതിനാലാണ് കേരളത്തിന് ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്.

മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ്

217(1947) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്വൈമാസ മീറ്റർ റീഡിംഗ് സ്ലാബുകളിൽ വരുത്തുന്ന മാറ്റം വൈദ്യുതിചാർജ്ജിൽ വർദ്ധനവ് ഉണ്ടാക്കുന്നത് സാധാരണക്കാരുടെ സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മീറ്റർ റീഡിംഗ് ദ്വൈമാസം നടത്തുന്നതിനാൽ, സംസ്ഥാനത്തെ ഒരു ഉപഭോക്താവിന്റെ പക്കൽനിന്നും അധിക വൈദ്യുതിചാർജ്ജ് ഈടാക്കുന്നില്ല. വൈദ്യുതി നിയമം 2003-ലെ 456286 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലാണ്, സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതിചാർജ്ജ് ഈടാക്കിവരുന്നത്. ടി നിയമത്തിലെ വ്യവസ്ഥകൾ, ദേശീയ താരിഫ് നയം 2016, റെഗുലേറ്ററി

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ എന്നിവ പ്രകാരം കാലാകാലങ്ങളിൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവുകളിൽ പ്രതിമാസ ഉപഭോഗ സ്ലാബുകൾക്കാണ് (Monthly Consumption Slabs) നിരക്കുകൾ കാണിച്ചിരിക്കുന്നത്. എന്നാൽ, ഭൂരിഭാഗം വരുന്ന ഉപഭോക്താക്കൾക്കും, സാമ്പത്തികമായി യാതൊരുവിധ നഷ്ടവുമില്ലാതെ ദ്വൈമാസത്തിലൊരിക്കലാണ് ബില്ലുകൾ നൽകിവരുന്നത്. നിലവിൽ രണ്ട് മാസത്തിലൊരിക്കൽ, മീറ്റർ റീഡിംഗ് എടുത്ത്, ദ്വൈമാസ ഉപഭോഗം കണക്കാക്കുകയും, അതിൽ നിന്ന് ഒരു മാസത്തെ ഉപഭോഗം കണക്കാക്കി കമ്മീഷൻ ഗ്രണിക്കുമ്പോൾ ഒരു മാസത്തെ വൈദ്യുതിചാർജ്ജ് ലഭിക്കുകയും, ഇതിനെ 2 കൊണ്ട് ഗ്രണിക്കുമ്പോൾ കിട്ടുന്നതുക ദ്വൈമാസ വൈദ്യുതിബിൽ തുകയായി രേഖപ്പെടുത്തി നൽകുകയും ചെയ്യുന്നു. അതായത്, പ്രതിമാസ ബില്ലായാലും ദ്വൈമാസ ബില്ലായാലും ഉപഭോക്താവിന് യാതൊരുവിധ നഷ്ടവും സംഭവിക്കുന്നില്ല.

(ബി) ഉണ്ടെങ്കിൽ ആയത് ലഘൂകരിക്കുന്നതിനായി മാസത്തിലൊരിക്കൽ മീറ്റർ റീഡിങ്ങ് എടുക്കുന്ന കാര്യം പരിഗണിക്കുമോയെന്നും അത് എപ്രകാരം നടപ്പിലാക്കുമെന്നും വ്യക്തമാക്കാമോ?

നിലവിൽ 20 കിലോവാട്ടിന് മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾ, 10 കിലോവാട്ടിനുമുകളിലുള്ള ഗാർഹികേതര ഉപഭോക്താക്കൾ, തെരുവു വിളക്കുകൾ, വ്യാവസായിക ഉപഭോക്താക്കൾ, ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾ എന്നിവർക്ക് പ്രതിമാസ ബില്ലുകളാണ് നൽകി വരുന്നത്. ഇത് 2.90 ലക്ഷത്തോളം ഉപഭോക്താക്കൾ വരും. ബാക്കിയുള്ള 1.29 കോടിവരുന്ന ഉപഭോക്താക്കളെ രണ്ടുമാസത്തിലൊരിക്കലാണ് ബിൽ ചെയ്തുവരുന്നത്. അതായത് നിലവിൽ 64.5 ലക്ഷം ദ്വൈമാസ ബില്ല് ചെയ്യുന്ന ഉപഭോക്താക്കളെ പ്രതിമാസം, റീഡിംഗ് എടുത്ത് ബിൽ ചെയ്യേണ്ടതായിവരും. ഇത് ബോർഡിന്റെ പ്രവർത്തന പരിപാലനചെലവ് (Operation & Maintenance Cost) വലിയ തോതിൽ വർദ്ധിക്കുകയും, താരിഫ് വർദ്ധനവിന് കാരണമാകുകയും ചെയ്യും. ആയതിനാൽ, ഉപഭോക്താക്കൾക്ക് യാതൊരുവിധ സാമ്പത്തിക ബുദ്ധിമുട്ടും ഇല്ലാത്ത നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ് അഭികാമ്യം.

പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി

218 (1948) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശി അണക്കെട്ടിന്റെ ഭാഗമായ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി പ്രോജക്ട് ആരംഭിച്ചത് ഏത് വർഷത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?